ദേശാഭിമാനി

Sat, 07 June 2025

# സംസ്ഥാന പരിസ്ഥിതിമിത്രം അവാർഡ് അമൃത വിശ്വവിദ്യാപീഠത്തിന്



മുഖ്യമന്ത്രി പിണറായി വിജയനിൽനിന്ന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസ് ഡയറക്ടർ ദേവീദാസ ചൈതന്യ പുരസ്കാരം സ്വീകരിക്കുന്നു

**കരുനാഗപ്പള്ളി**

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതിമിത്രം അവാർഡിന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസ് അർഹമായി. എൻവയോൺമെന്റൽ കൺസർവഷൻ ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിൽ കാഴ്ചവച്ച മികച്ച പ്രകടനം കണക്കിലെടുത്താണ് പുരസ്കാരം. ലോക പരിസ്ഥിതിദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനിൽനിന്ന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസ് ഡയറക്ടർ ദേവീദാസ ചൈതന്യ, അമൃത സ്കൂൾ ഓഫ്എൻജിനിയറിങ് ഡീൻ ബാലകൃഷ്ണൻ ശങ്കർ, അസോസിയേറ്റ് ഡീൻ എസ് എൻ ജ്യോതി, അമൃത സസ്റ്റെയ്നബിൾ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സെന്റർ വിഭാഗം മേധാവി രാഗേഷ്, വിഷ്ണു വിജയ്, എസ് നിതിൻ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി. ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും ഉൾപ്പെടുന്നതാണ് പുരസ്കാരം. സുസ്ഥിര മാലിന്യസംസ്കരണ രീതികൾ, പരിസ്ഥിതി സൗഹൃദ ഗവേഷണങ്ങൾ, കമ്പോസ്റ്റിങ്, റീസൈക്ലിങ്, ബോധവൽക്കരണ ക്യാമ്പയിനുകൾ, സീറോ വെയ്സ്റ്റ് പദ്ധതികൾ, സൗജന്യം റിയൂസബിൾ പാഡ്സ് തുടങ്ങിയ സംരംഭങ്ങളാണ് സർവകലാശാലയെ പുരസ്കാരത്തിന് അർഹമാക്കിയത്.